**പതിമൂന്നാം കേരളനിയമസഭ**

**ഒന്നാം സമ്മേളനം**

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത<br>ചോദ്യം നമ്പർ 1260 | 12.07.2011-ൽ<br>മറുപടിയ്ക്കുണ്ടായിരുന്നത്. |

**<u>നിക്ഷേപത്തട്ടിപ്പുകൾ</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.സുരേഷ്കുറുപ്പ്. | ശ്രീ.ഉമ്മൻ ചാണ്ടി.<br>(മുഖ്യമന്ത്രി) |
| (എ) മുൻകാലങ്ങളിൽ മണി ചെയിൻ മാതൃകയിലുള്ള ആർ.എം.ബി. പോലുള്ള ശ്രൃംഖലയിൽ സർക്കാർ ഉദ്യോഗസ്ഥർ പ്രവർത്തിച്ചിരുന്നതായി വിവരം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെല്ലാമെന്ന് അറിയിക്കുമോ; | (എ) ഉണ്ട്. അവരുടെ പേരു വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.. |
| (ബി) ഇവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും അവർ സ്വന്തം പേരിലാണോ ഇത്തരം ശൃംഖലകളിൽ പ്രവർത്തിച്ചിരുന്നത് എന്നും അറിയിക്കാമോ; | (ബി) ഇത്തരം തട്ടിപ്പ് കേസുകളിൽ പോലീസ് ഉദ്യോഗസ്ഥരും സേനാംഗങ്ങളും ഉൾപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ തട്ടിപ്പ് നിയന്ത്രിക്കുന്നതിനായി സംസ്ഥാന പോലിസിലെ എല്ലാ സേനാംഗങ്ങളും ഉദ്യോഗസ്ഥരും അവരവരുടെ വരുമാനത്തെ സംബന്ധിച്ചുള്ള കണക്കുകൾ സംസ്ഥാന പോലീസ് മേധാവിയ്ക്ക് സമർപ്പിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരം തട്ടിപ്പുകളിൽ നേരിട്ട് ബന്ധപ്പെട്ടിട്ടുള്ള പോലീസ് സേനാംഗങ്ങൾക്കും ഉദ്യോഗസ്ഥർക്കു |

മെതിരെ സസ്പെൻഷൻ ഉൾപ്പെടെയുള്ള വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സ്വന്തം പേരിലാണോ ഇത്തരം ശൃംഖലകളിൽ പ്രവർത്തിച്ചിരുന്നത് എന്നതിനെപ്പറ്റി വിശദമായി അന്വേഷിച്ചു വരുന്നു.

(സി) ഇത്തരക്കാരുടെ സ്വത്ത് വിവരങ്ങൾ അന്വേഷണ പരിധിയിൽ കൊണ്ടുവരികയും മാതൃകാപരമായി ശിക്ഷ ഉറപ്പാക്കുകയും ചെയ്യുമോ?

(സി) തട്ടിപ്പു കേസുകളിൽ പ്രതികളായിട്ടുള്ള പോലീസ് ഉദ്യോഗസ്ഥരേയും സേനാംഗങ്ങളേയും നിയന്ത്രിക്കുന്നതിനായി സംസ്ഥാന പോലീസിലെ എല്ലാ സേനാംഗങ്ങളും ഉദ്യോഗസ്ഥരും അവരവരുടെ വരുമാനത്തെ സംബന്ധിച്ചുള്ള കണക്കുകൾ സംസ്ഥാന പോലീസ് മേധാവിയ്ക്ക് സമർപ്പിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഇവരുടെ വരുമാന സ്രോതസ്സിനെപ്പറ്റി സൂക്ഷ്മമായി നിരീക്ഷിച്ചു വരുന്നു. ഇത്തരം തട്ടിപ്പുകളിൽ നേരിട്ട് ബന്ധപ്പെട്ടിട്ടുള്ള പോലീസ് സേനാംഗങ്ങൾക്കും, ഉദ്യോഗസ്ഥർക്കുമെതിരെ സസ്പെൻഷൻ ഉൾപ്പെടെയുള്ള വകുപ്പുതല നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ.

## അനുബന്ധം

1. കെ.ടി. ഗോപിനാഥൻ നായർ, എ.പി.എസ്.ഐ. കെ.എ.പി I

2. സന്തോഷ് കുമാർ, HC 4469, ആലപ്പുഴ (സർവ്വീസിൽ നിന്നും നീക്കം ചെയ്തിട്ടുണ്ട് )

3. സുരേഷ് HC 4891,ആലപ്പുഴ(സർവ്വീസിൽ നിന്നും നീക്കം ചെയ്തിട്ടുണ്ട് )

4. ശ്യാംരാജ്, PC 4937, ആലപ്പുഴ (സർവ്വീസിൽ നിന്നും നീക്കം ചെയ്തിട്ടുണ്ട് )

5. ഷൈനി, PC 4799, ആലപ്പുഴ(സർവ്വീസിൽ നിന്നും നീക്കം ചെയ്തിട്ടുണ്ട് )

6. നജീബ്ഖാൻ , CPO N 1641, ( പത്തനംതിട്ട )

7. ഉണ്ണി, CPO N 1872 ( പത്തനംതിട്ട)

8. നൗഷാദ്, CPO N 1871 ( പത്തനംതിട്ട)

09. പി.ഐ.ഫ്രാൻസിസ് SCPO N 1802 ( പത്തനംതിട്ട)

10. വിജയമോഹനൻ,ASI ( പത്തനംതിട്ട)

11. സുനിൽ കുമാർ, CPO N 2104 ( പത്തനംതിട്ട)